II ഇ.ബി. XV- കേരള നിയമസഭ/XIV-8

## പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 ഒക്ടോബർ 7, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദത്തിൽ തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസപ്പെടുത്തിക്കൊണ്ടിരുന്നു. ചോദ്യകർത്താക്കൾ (*211)-ാം നമ്പർ ചോദ്യം ഉന്നയിക്കാതിരുന്നതിനാൽ ബഹു. സ്പീക്കർ അടുത്ത ചോദ്യത്തിലേക്ക് കടന്നു.)

30 (*212) <u>ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി മുഖേന 404 പട്ടികജാതി വിദ്യാർഥികളെയും 36 പട്ടികവർഗ വിദ്യാർഥികളെയും ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി വഴി 1059 പട്ടികജാതി വിദ്യാർഥികളെയും 80 പട്ടികവർഗ വിദ്യാർഥികളെയും വിദേശ പഠനത്തിന് അയച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പട്ടികജാതി വിദ്യാർഥികൾക്ക് വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലും പട്ടികവർഗ വിദ്യാർഥികൾക്ക് വരുമാന പരിധിയില്ലാതെയും 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകുന്നുണ്ടെന്നും ODEPC മുഖേനയാണ് സ്കോളർഷിപ്പിന് തെരഞ്ഞെടുക്കുന്നതെന്നും മന്ത്രി അറിയിച്ചു. 2024 ജനുവരി ഇൻടേക്കിൽ യു.കെ.-യിലെത്തിയ പട്ടികജാതി വിദ്യാർഥികളിൽ പഠനം പൂർത്തിയാക്കിയ 47 പേർ പോസ്റ്റ് സ്റ്റഡി വർക്ക് വിസയ്ക്ക് അപേക്ഷിച്ച് വിദേശത്ത് തുടരുകയാണെന്നും 24 പേർക്ക് ഫുൾ-ടൈം ജോലി ലഭിച്ചിട്ടുണ്ടെന്നും 4 പേർ പഠനം പൂർത്തിയാക്കി ഇന്ത്യയിലേക്ക്

മടങ്ങിയെന്നും ബാക്കിയുള്ളവർ പാർട്ട്-ടൈം ജോലി ചെയ്യുന്നുണ്ടെന്നും 2024 ജൂലൈ, സെപ്റ്റംബർ, 2025 ജനുവരി ഇൻടേക്കുകളിൽ വിദേശത്ത് പോയ വിദ്യാർഥികളുടെ കോഴ്സ് പൂർത്തിയാകുന്നതേയുള്ളുവെന്നും മന്ത്രി വ്യക്തമാക്കി. പട്ടികജാതി പട്ടികവർഗ വിദ്യാർഥികളെ സിവിൽ സർവീസ് പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് പരിശീലനം നൽകുന്നുണ്ടെന്നും തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കുന്നുണ്ടെന്നും വിദേശ പഠനത്തിനയയ്ക്കുന്ന കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

31 (*213) <u>സംസ്ഥാനത്തിന്റെ സമഗ്ര കായികവികസനം</u>

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, സമഗ്ര കായികവികസനം ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരിച്ച് വിപുലമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും കായിക പരിശീലനം, അന്താരാഷ്ട്ര ടീമുകളുടെ മത്സരങ്ങൾ തുടങ്ങിയ രംഗങ്ങളിലാണ് വിദേശ സഹകരണത്തോടെ പദ്ധതികൾ നടപ്പാക്കുന്നതെന്നും സഭയെ അറിയിച്ചു.

അർജന്റീന ഫുട്ബോൾ അസോസിയേഷനുമായും സ്പെയിനിലെ പ്രീമിയർ ഫുട്ബോൾ ലീഗിന്റെ സംഘാടകരുമായും നടത്തിയ ചർച്ചയിൽ കായിക പരിശീലനം, സ്പോർട്സ് സയൻസ്, സ്പോർട്സ് മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ സഹകരിക്കുന്നതിനും ക്യൂബയുമായി അത്‌ലറ്റിക്സ് വിഭാഗങ്ങളിലുൾപ്പെടെയുള്ള പരിശീലകരുടെ കൈമാറ്റത്തിനും ധാരണയായിട്ടുണ്ടെന്നും നെതർലൻഡ്സ് ഫുട്ബോൾ അസോസിയേഷനും ബൊവ്‌ലൻഡർ ഫൗണ്ടേഷനുമായി ചേർന്ന് ഫുട്ബോൾ, ഹോക്കി പരിശീലന പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും എ.സി. മിലാൻ ക്ലബ്ബുമായി ചേർന്ന് ജി.വി. രാജ സ്പോർട്സ് സ്കൂളിൽ ഫുട്ബോൾ അക്കാദമി പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് സ്കൂളുകളിൽ കപ്പാസിറ്റി ബിൽഡിങ് പരിശീലനം നൽകിവരുന്നുണ്ട്. കായിക മേഖലയിലെ അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിന് 2,000 കോടി രൂപയുടെ പ്രവൃത്തികൾ നടക്കുന്നുണ്ടെന്നും സ്വന്തമായി കളിക്കളം ഇല്ലാതിരുന്ന പഞ്ചായത്തുകളിൽ 67 കളിക്കളങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും 167 കളിക്കളങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ടെന്നും പാരാലിമ്പിക്സിന് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ടെന്നും ആദ്യത്തെ

ഭിന്നശേഷി സൗഹൃദ സ്റ്റേഡിയം ഒറ്റപ്പാലത്ത് നിർമ്മിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

32 (*214) <u>ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പുകൾ</u>

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകളുടെ എണ്ണവും തുകയും വർധിപ്പിക്കുന്നതിനും ന്യൂനപക്ഷ വിദ്യാർഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിനും ഉപപദ്ധതികൾക്കുമായും ഐ.റ്റി.സി. ഫീ റീ-ഇംബേഴ്സ്മെന്റ് സ്കോളർഷിപ്പിനും നൈപുണ്യപരിശീലന പദ്ധതികൾക്കുമായും 2024-25 സാമ്പത്തിക വർഷം മുതൽ യഥാക്രമം 714 ലക്ഷം രൂപയും 582 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പ്രീമെട്രിക് സ്കോളർഷിപ്പിന് പകരമായി 2024-25 മുതൽ 'മാർഗദീപം' സ്കോളർഷിപ്പ് ഏർപ്പെടുത്തുകയും നടപ്പുസാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തുകയും മൗലാനാ

ആസാദ് നാഷണൽ ഫെല്ലോഷിപ്പിന് പകരമായി ഗവേഷണ വിദ്യാർഥികൾക്കായി 'ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് സ്കോളർഷിപ്പ് ഫോർ മൈനോറിറ്റീസ്' എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് നടപ്പുസാമ്പത്തികവർഷം 600 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ന്യൂനപക്ഷ വകുപ്പിനുകീഴിൽ 24 പരിശീലന കേന്ദ്രങ്ങളും 28 ഉപകേന്ദ്രങ്ങളും ഐ.എ.എസ്., ഐ.പി.എസ്. പരീക്ഷാ പരിശീലന കേന്ദ്രങ്ങളുമുണ്ടെന്നും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലാഭത്തിലാക്കാൻ സാധിച്ചിട്ടുണ്ടെന്നും കോർപ്പറേഷൻ മുഖേന 6300 പേർക്ക് 250 കോടിയോളം രൂപ വായ്പ നൽകിയിട്ടുണ്ടെന്നും വിധവകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും വീട് വയ്ക്കുന്നതിനും കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം റദ്ദ് ചെയ്യുകയും രാവിലെ 9.21-ന് സഭ താല്ക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു.)

………………..